നം. ഇ3/902/2022 സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ

തൃശ്ശൂർ, 27.10.2022

നോട്ടീസ്

വിഷയം: 2022-23 പാഠ്യ വർഷത്തിൽ ബി ടെക് വിഭാഗത്തിൽ ഹോസ്റ്റൽ പ്രവേശനം നടത്തുന്നതിനുവേണ്ടി നൽകിയ അപേക്ഷ പ്രകാരം അർഹതയുള്ളവരുടെയും ന്യൂനതയുള്ളവരുടെയും ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് –

സൂചന: വിദ്യാർത്ഥികളുടെ അപേക്ഷ.

മേൽ സൂചനപ്രകാരം ലഭിച്ച അപേക്ഷകൾ അനുസരിച്ച് ഹോസ്റ്റൽ പ്രവേശനത്തിന് അർഹതയുള്ളവരുടെ ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഈ ലിസ്റ്റിൽ നിന്നും MH വിഭാഗത്തിൽ 76 ഒഴിവുകളിലേക്കും LH വിഭാഗത്തിൽ 74 ഒഴുവുകളിലേക്കുമാണ് പ്രവേശനം നടത്തുകയുള്ളൂ. ഇതോടൊപ്പം ന്യൂനതയുള്ള അപേക്ഷകരുടെ ലിസ്റ്റും പ്രസിദ്ധീകരിക്കുന്നു. വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ നൽകേണ്ട വരുമാനം ദൂരം എന്നിവ അപേക്ഷയിൽ ഇല്ലാത്തതുകൊണ്ടാണ് മേൽ അപേക്ഷകൾ നിരസിച്ചിട്ടുള്ളത്. ആയതിനാൽ നിരസിക്കപ്പെട്ട അപേക്ഷകർക്ക് 28.10.2022 ഉച്ചക്ക് 02.00 മണി വരെ മേൽ ന്യൂനതകൾ പരിഹരിക്കുവാൻ അവസരം നൽകുന്നതാണ്. ന്യൂനത പരിഹരിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വാർഡന്റെ ഇ -മെയിൽ മുഖാന്തിരമോ (warden@gectcr.ac.in), നേരിട്ടോ ന്യൂനത പരിഹരിക്കുന്നതിനുള്ള അപേക്ഷ ഹോസ്റ്റലിൽ സമർപ്പിക്കേണ്ടതാണ്. ആയത് പരിശോധിച്ചതിൻ പ്രകാരം അന്തിമലിസ്റ്റും പ്രവേശനവും താഴെ പറയുന്ന പ്രകാരം പ്രസിദ്ധീകരിക്കുന്നതായിരിക്കും.

1. **അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമയം: 29.10.2022 - 02.00 മണി**
2. **പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമയം : 29.10.2022 – 02.00 മണി.**
3. **പ്രവേശനം നൽകുന്ന തിയതികൾ**
   31.10.2022 – 10.00 A M മുതൽ 02.00 PM വരെ

മേൽ തിയ്യതിക്കകം പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ പ്രവേശനം റദ്ദ് ചെയ്യുകയും ഈ ഒഴിവുകൾ അർഹതാലിസ്റ്റിലെ മറ്റ് വിദ്യാർത്ഥികൾക്ക് നൽകുന്നതുമായിരിക്കും.

ഹാജരാക്കേണ്ട രേഖകൾ

1. അഡ്മിഷൻ സ്ലിപ്പ് (ഒറിജിനൽ)
2. കോളേജ് ഐ ഡി കാർഡ് .
3. ഫോട്ടോ 3 എണ്ണം .
4. വരുമാന സർട്ടിഫിക്കറ്റ്.
5. BPL വിഭാഗത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഒറിജിനൽ റേഷൻകാർഡോ തത്തുല്യ സർട്ടിഫിക്കറ്റോ.
6. SC/ST/PH വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്ന രേഖകൾ.
7. ഫീസ്.

ഫീസ് വിവരങ്ങൾ

Fees details	General	Reservation
Caution Deposit	6000	1000
Rent Advance	620	----
HDF	1500	1500
MISC	25	25

Admission Fee	600	600
Total	8745/-	3125/-

വാർഡൻ

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. വെബ്സൈറ്റ്
3. വെബ് അഡ്മിൻ
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്